LIBRARY ARCHIVES Kerala Legislative Assembly

പട്ടികജാതിക്കാരുടെ വായ്പാ കുടിശ്ശിക

22 (*82) ശ്രീ. ഐ. സി. ബാലകൃഷ്ണൻ :
ശ്രീ. വി. പി. സജീന്ദ്രൻ :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. പാലോട് രവി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർ വായ്പാ കുടിശ്ശികമൂലം പ്രയാസമനുഭവിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശങ്ങൾ വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത വായ്പകളും കുടിശ്ശികയും എഴുതിത്തള്ളുന്നതിന് പദ്ധതി തയ്യാറാക്കാൻ ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം വെളിപ്പെടുത്താമോ ?

പട്ടികജാതി പിന്നോക്ക സമുദായക്ഷേമവും വിനോദസഞ്ചാരവും വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽകുമാർ) :

(എ & ബി) ഉണ്ട്. സർക്കാർ പ്രഖ്യാപിച്ച മിഷൻ 676 പദ്ധതിയുടെ ഭാഗമായി പട്ടികജാതി വിഭാഗങ്ങളിൽപ്പെട്ടവർ, സഹകരണ സ്ഥാപനങ്ങൾ, പട്ടികജാതി-പട്ടികവർഗ്ഗ വികസന കോർപ്പറേഷൻ എന്നിവയിൽ നിന്നും എടുത്തിട്ടുള്ള ഒരു ലക്ഷം വരെയുള്ളതും 31-3-2010-ൽ തിരിച്ചടവ് കാലാവധി കഴിഞ്ഞ് കുടിശ്ശികയായിട്ടുള്ളതുമായ വായ്പകൾ എഴുതിത്തള്ളുന്നത് സംബന്ധിച്ച് 30-3-2015-ലെ സ.ഉ. (അച്ചടി)നം.24/2015/പജപവവിവ പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഈ ഉത്തരവ് പ്രകാരമുള്ള പദ്ധതി തീർപ്പാക്കുന്ന വായ്പകളുമായി ബന്ധപ്പെട്ട് സ്ഥാപനങ്ങൾക്ക് ലഭ്യമാക്കേണ്ട തുകകൾ വിതരണം ചെയ്യേണ്ട നോഡൽ ഏജൻസിയായി പട്ടികജാതി പട്ടികവർഗ്ഗ വികസന കോർപ്പറേഷനെ ചുമതലപ്പെടുത്തുകയും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ആദ്യ ഘട്ടം എന്ന നിലയിൽ 10 കോടി രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

ആശുപത്രികളിൽ സ്പെഷ്യാലിറ്റി യൂണിറ്റ്

23 (*83) ശ്രീമതി ജമീലാ പ്രകാശം :
ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. സി. കെ. നാണു :
ശ്രീ. ജോസ് തെറ്റയിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഏതു ആശുപത്രികളിലാണ് സ്പെഷ്യാലിറ്റി യൂണിറ്റോടുകൂടിയ ചികിത്സാ സമ്പ്രദായം ഏർപ്പെടുത്താൻ ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതെന്നും എന്നാണ് ഉത്തരവ് പുറപ്പെടുവിച്ചതെന്നും അറിയിക്കുമോ ;